**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2904** **18.06.2018 ൽ മറുപടിയ്ക്ക്**

**ചോദ്യം**

**ശ്രീ.എസ്.ശർമ്മ**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**

**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി)**

**അർഹരായവർക്ക് പട്ടയം അനുവദിക്കുന്നതിലുള്ള കാലതാമസം**

| | | |
|---|---|---|
| (എ) | വൈപ്പിൻ നിയോജക മണ്ഡലത്തിലെ വിവിധ വില്ലേജുകളിൽ നിന്നും പട്ടയം അനുവദിച്ചു കിട്ടുന്നതിനായി 2016 -ന ശേഷം നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ആയതിന്മേൽ സ്വീകരിച്ച തുടർ നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ; | (എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ 2016 ന് ശേഷം 264 പതിവ് അപേക്ഷകൾ ലഭിച്ചു. |
| (ബി) | എത്ര കേസുകളിൽ പട്ടയം അനുവദിച്ചുവെന്ന് വിശദമാക്കാമോ; | (ബി) 21 സുനാമി പട്ടയങ്ങൾ അനുവദിച്ചു. |
| (സി) | പട്ടയം അനുവദിച്ചു കിട്ടുന്നതിന് അർഹതയുള്ള അപേക്ഷകരുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര അപേക്ഷകരുണ്ടെന്ന് വിശദമാക്കാമോ; | (സി) ഉണ്ട്. വില്ലേജാഫീസർമാരിൽ നിന്ന് റിപ്പോർട്ടുകൾ ലഭ്യമായതു പ്രകാരം ഇതുവരെ 30 പേർക്ക് അർഹതയുള്ളതാണ്. |
| (ഡി) | അർഹരായവർക്ക് പട്ടയം അനുവദിക്കുന്നതിൽ കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (ഡി) പുതുവൈപ്പ്, പള്ളിപ്പുറം, കുഴുപ്പിള്ളി, എളങ്കുന്നപ്പുഴ വില്ലേജുകളിലെ പതിവ് അപേക്ഷകൾ ഉൾപ്പെട്ട സ്ഥലങ്ങൾ നിലവിലെ നിയമപ്രകാരം പതിച്ച് നൽകുന്നതിന് സാധിക്കാത്ത വിധം തോട് പുറമ്പോക്ക്, CRZ പരിധി എന്നിവയിൽ ഉൾപ്പെട്ടുവരുന്ന ഭൂമികളാണ്. |
| (ഇ) | അർഹരായവർക്ക് എന്നത്തേക്ക് പട്ടയം അനുവദിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (ഇ) പട്ടയ ഫയലുകളിൽ 1964 ലെ ഭൂമി പതിവ് ചട്ടപ്രകാരമുള്ള നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പട്ടയം അനുവദിക്കുന്നതാണ്. അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള ഊർജ്ജിത ശ്രമം നടത്തി വരുന്നു. ഡെപ്യൂട്ടി തഹസീൽദാർമാരുടെ ഫീൽഡ് പരിശോധനയും രേഖകൾ പരിശോധനയും ഊർജ്ജിതമായി നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ